LIBRARY ARCHIVES Kerala Legislative Assembly

യു.പി.എസ്.എ. തസ്തികയിൽ വിരമിക്കുന്ന അദ്ധ്യാപകരുടെ വിശദാംശങ്ങൾ

187 (936) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിൽ യു.പി.എസ്.എ. തസ്തികയിൽനിന്നും 2022 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെയുള്ള കാലയളവിൽ വിരമിക്കുന്ന അദ്ധ്യാപകരുടെ പേര് വിവരങ്ങൾ, വിരമിക്കൽ തീയതി, ഇപ്പോൾ അവർ ജോലി നോക്കുന്ന സ്ഥലം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

എൽ.പി.എസ്.ടി. തസ്തികയിലെ നിയമനം

188 (937) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഗവൺമെന്റ് സ്കൂളുകളിലെ എൽ.പി.എസ്.ടി. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; സ്കൂൾ തിരിച്ച് വിവരങ്ങൾ വിശദമാക്കാമോ?

178 ഒഴിവുകൾ . ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ ഒഴിവുകൾ എപ്രകാരം നിയമനം നടത്തുന്നതിനാണ് മാറ്റി വച്ചിരിക്കുന്നതെന്നറിയിക്കുമോ?

ആകെ ഒഴിവുകളുടെ 10 ശതമാനം അന്തർജില്ലാ സ്ഥലംമാറ്റത്തിനും ആകെ അനുവദിക്കപ്പെട്ട തസ്തികകളുടെ 5 ശതമാനം കണക്കാക്കി ആയതിൽ കേഡർ നില അനുസരിച്ച് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനായും നീക്കിവക്കേണ്ടതായിട്ടുണ്ട്. കൂടാതെ പി.എസ്.സി. വഴി നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാൻ കഴിയാത്തവരുടെ 50 ഒഴിവുകളും നിയമന ശിപാർശ നൽകിയിട്ട് നിയമന ഉത്തരവുകൾ പുറപ്പെടുവിക്കാൻ കഴിയാത്ത 93 ഒഴിവുകളും 178 ഒഴിവുകളിൽ ഉൾപ്പെടുന്നുണ്ട്.

(സി)2021 കലണ്ടർ വർഷം എത്ര അദ്ധ്യാപകർ ഈ തസ്തികയിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും ഇങ്ങനെയുണ്ടായ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നും അറിയിക്കുമോ; ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.